**15 -ാം കേരള നിയമസഭ**

**12 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 460** **08-10-2024 - ൽ മറുപടിയ്ക്ക്**

**മൊകേരി ഗവ. കോളേജ് ലേഡീസ് ഹോസ്റ്റൽ നിർമ്മാണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ.പി.കുഞ്ഞമ്മദ് കുട്ടി മാസ്റ്റർ | | ശ്രീ കെ എൻ ബാലഗോപാൽ<br>(ധനകാര്യ വകുപ്പ് മന്ത്രി) | |
| (എ) | കിഫ്ബി പദ്ധതിയിൽ ഉൾപ്പെടുത്തിയ മൊകേരി ഗവ. കോളേജ് ലേഡീസ് ഹോസ്റ്റൽ നിർമ്മാണ പ്രവൃത്തി എപ്പോൾ ആരംഭിക്കാൻ സാധിക്കുമെന്ന് അറിയിക്കാമോ; | (എ) | മൊകേരി ഗവ.കോളേജിൽ ലൈബ്രറി, ലേഡീസ് ഹോസ്റ്റൽ എന്നിവ നിർമ്മിക്കുന്നതിന് കിഫ്ബി 09-03-2021-ൽ 7.699 കോടി രൂപയുടെ ധനാനുമതി നൽകിയിരുന്നു. ഇതിൽ ലൈബ്രറി ബ്ലോക്ക് പൂർത്തിയായിട്ടുണ്ടെങ്കിലും ലേഡീസ് ഹോസ്റ്റലിനുള്ള നിർദ്ദിഷ്ട സ്ഥലത്തേക്കുള്ള റോഡിന് Fire NOC ലഭിക്കത്തക്ക വിധം വീതിയില്ലാത്തതിനാലും എസ്.പി.വി ആയ കിറ്റ്കോ ടി പ്രവൃത്തിയുടെ ഡിസൈൻ അന്തിമമാക്കിയിട്ടില്ലാത്തതിനാലും ആയത് നാളിതുവരെ ആരംഭിച്ചിട്ടില്ല. കിഫ്ബിയുടെ സാങ്കേതിക ഇൻസ്പെക്ഷൻ വിഭാഗം 12-01-2024-ൽ ടി സ്ഥലം സന്ദർശിക്കുകയും soil investigation report, structural design എന്നിവ ലഭ്യമല്ല എന്ന് കണ്ടെത്തുകയും ചെയ്തു. ടി സ്ഥലത്തിന്റെ ചരിഞ്ഞ പ്രതലവും പാറയുടെ സാന്നിദ്ധ്യവും കണക്കിലെടുത്ത് pile foundation ശിപാർശ ചെയ്തതിൻ പ്രകാരം എസ്.പി.വി 14 pile foundation പൂർത്തിയാക്കിയിട്ടുണ്ട്. എന്നിരുന്നാലും, ടി സ്ഥലത്തേക്കുള്ള റോഡിന് നിലവിലെ മാനദണ്ഡങ്ങൾ പ്രകാരമുള്ള വീതിയില്ലാത്തതിനാൽ Statutory clearance ലഭിക്കത്തക്ക വിധം വീതികൂട്ടേണ്ടതുണ്ട്. കോളേജ് കാമ്പസിലെ സ്ഥല പരിമിതി മൂലം ലേഡീസ് ഹോസ്റ്റലിന് മറ്റൊരു സ്ഥലം കണ്ടെത്താനാകില്ല എന്ന് കോളേജ് പ്രിൻസിപ്പലും റിപ്പോർട്ട് ചെയ്തിട്ടുണ്ട്. ആയതിനാൽ, soil investigation report, structural design എന്നിവ അന്തിമമാക്കിക്കൊണ്ടും നിർദ്ദിഷ്ട സ്ഥലത്തേക്കുള്ള റോഡ് അവശ്യം വേണ്ട വീതിയാക്കുന്നതിനുള്ള സാധ്യത പരിശോധിച്ച ശേഷവുമുള്ള ഒരു പുതുക്കിയ ശിപാർശ കിറ്റ്കോ-യിൽ നിന്നും ലഭ്യമാകുന്ന മുറയ്ക്ക് മാത്രമേ കിഫ്ബിക്ക് പരിശോധിച്ച് മാനദണ്ഡങ്ങൾക്കനുസരിച്ച് അംഗീകാരം നൽകാനാകൂ. അംഗീകാരം നൽകിക്കൊണ്ടുള്ള |

| | | | |
|---|---|---|---|
| | | | ധനാനുമതി ഉത്തരവ് കിഫ്ബി പുറപ്പെടുവിച്ച ശേഷം പദ്ധതി യഥാസമയം ആരംഭിച്ച് പൂർത്തിയാക്കുന്നതിനുള്ള നടപടികൾ എസ്.പി.വി-യ്ക്ക് സ്വീകരിക്കാവുന്നതാണ്. |
| (ബി) | പ്രസ്തുത നിർമ്മാണ പ്രവൃത്തിയ്ക്ക് നിലവിൽ നേരിടുന്ന തടസങ്ങൾ എന്തൊക്കെയെന്നും അവ പരിഹരിക്കുന്നതിന് സ്വീകരിച്ച നടപടിക്രമങ്ങൾ എന്തൊക്കെയെന്നും വിശദമാക്കാമോ? | (ബി) | മൊകേരി ഗവ.കോളേജിൽ ലൈബ്രറി, ലേഡീസ് ഹോസ്റ്റൽ എന്നിവ നിർമ്മിക്കുന്നതിന് കിഫ്ബി 09-03-2021-ൽ 7.699 കോടി രൂപയുടെ ധനാനുമതി നൽകിയിരുന്നു. ഇതിൽ ലൈബ്രറി ബ്ലോക്ക് പൂർത്തിയായിട്ടുണ്ടെങ്കിലും ലേഡീസ് ഹോസ്റ്റലിനുള്ള നിർദ്ദിഷ്ട സ്ഥലത്തേക്കുള്ള റോഡിന് Fire NOC ലഭിക്കത്തക്ക വിധം വീതിയില്ലാത്തതിനാലും എസ്.പി.വി ആയ കിറ്റ്കോ ടി പ്രവൃത്തിയുടെ ഡിസൈൻ അന്തിമമാക്കിയിട്ടില്ലാത്തതിനാലും ആയത് നാളിതുവരെ ആരംഭിച്ചിട്ടില്ല. കിഫ്ബിയുടെ സാങ്കേതിക ഇൻസ്പെക്ഷൻ വിഭാഗം 12-01-2024-ൽ ടി സ്ഥലം സന്ദർശിക്കുകയും soil investigation report, structural design എന്നിവ ലഭ്യമല്ല എന്ന് കണ്ടെത്തുകയും ചെയ്തു. ടി സ്ഥലത്തിന്റെ ചരിഞ്ഞ പ്രതലവും പാറയുടെ സാന്നിദ്ധ്യവും കണക്കിലെടുത്ത് pile foundation ശിപാർശ ചെയ്തതിൻ പ്രകാരം എസ്.പി.വി 14 pile foundation പൂർത്തിയാക്കിയിട്ടുണ്ട്. എന്നിരുന്നാലും, ടി സ്ഥലത്തേക്കുള്ള റോഡിന് നിലവിലെ മാനദണ്ഡങ്ങൾ പ്രകാരമുള്ള വീതിയില്ലാത്തതിനാൽ Statutory clearance ലഭിക്കത്തക്ക വിധം വീതികൂട്ടേണ്ടതുണ്ട്. കോളേജ് കാമ്പസിലെ സ്ഥല പരിമിതി മൂലം ലേഡീസ് ഹോസ്റ്റലിന് മറ്റൊരു സ്ഥലം കണ്ടെത്താനാകില്ല എന്ന് കോളേജ് പ്രിൻസിപ്പലും റിപ്പോർട്ട് ചെയ്തിട്ടുണ്ട്. ആയതിനാൽ, soil investigation report, structural design എന്നിവ അന്തിമമാക്കിക്കൊണ്ടും നിർദ്ദിഷ്ട സ്ഥലത്തേക്കുള്ള റോഡ് അവശ്യം വേണ്ട വീതിയാക്കുന്നതിനുള്ള സാധ്യത പരിശോധിച്ച ശേഷവുമുള്ള ഒരു പുതുക്കിയ ശിപാർശ കിറ്റ്കോ-യിൽ നിന്നും ലഭ്യമാകുന്ന മുറയ്ക്ക് മാത്രമേ കിഫ്ബിക്ക് പരിശോധിച്ച് മാനദണ്ഡങ്ങൾക്കനുസരിച്ച് അംഗീകാരം നൽകാനാകൂ. അംഗീകാരം നൽകിക്കൊണ്ടുള്ള ധനാനുമതി ഉത്തരവ് കിഫ്ബി പുറപ്പെടുവിച്ച ശേഷം പദ്ധതി യഥാസമയം ആരംഭിച്ച് പൂർത്തിയാക്കുന്നതിനുള്ള നടപടികൾ എസ്.പി.വി-യ്ക്ക് സ്വീകരിക്കാവുന്നതാണ്. |

സെക്ഷൻ ഓഫീസർ